**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 639** **05-10-2021 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി നഗരസഭയിലെ നിലാവ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലാവ് പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പണമടച്ചിട്ടും എൽ. ഇ. ഡി. ലൈറ്റുകളും അനുബന്ധ ഫിറ്റിംഗ്സുകളും ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നിലാവ് പദ്ധതിയിൽ തെരുവുവിളക്കുകൾ സ്ഥാപിച്ചു നൽകുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂറായി പണമടയ്ക്കേണ്ടതില്ല. കിഫ്ബിയാണ് പദ്ധതിക്കു വേണ്ട ധനസഹായം ചെയ്യുന്നത്. എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി ബിൽ ഇനത്തിൽ ലഭിക്കുന്ന ലാഭത്തിൽ നിന്നാണ് കിഫ്ബിക്കുള്ള തിരിച്ചടവ് നടത്തേണ്ടത്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ട 18W & 35W ന്റെ രണ്ടു ലക്ഷം തെരുവുവിളക്കുകൾ 2021 ജൂൺ 30-ഓടെ കെ.എസ്.ഇ.ബി ലിമിറ്റഡ് സ്ഥാപിച്ചുകഴിഞ്ഞു. ഇതിൽ 411 ഗ്രാമപഞ്ചായത്തുകളും (PRIs) 35 നഗരസഭകളും (ULBs) ഉൾപ്പെടെ ആകെ 446 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിരുന്ന പാക്കേജുകളിൽ ഉൾപ്പെട്ട 70W & 110W LED തെരുവു വിളക്കുകൾ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി സ്ഥാപിച്ചു നൽകുന്നതാണ്. രണ്ടാം ഘട്ടത്തിലേയ്ക്ക് 1,72,000 എണ്ണത്തിന്റെ ആവശ്യകത മാത്രമാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ഇതനുസരിച്ച് 25.08.2021 ന് 1,72,000 തെരുവുവിളക്കുകൾക്ക് കെ.എസ്.ഇ.ബി ലിമിറ്റഡ് ഇ.ഇ.എസ്.എൽ-ന് ലെറ്റർ ഓഫ് ഇന്റെന്റ് (LOI) നൽകിയിട്ടുണ്ട്. ഇ.ഇ.എസ്.എൽ ഓർഡർ സ്വീകരിച്ച് സപ്ലൈ എത്തിക്കുന്ന മുറയ്ക്ക് പദ്ധതിയിൽ ചേർന്ന് കൃത്യമായ ആവശ്യകത നൽകിയ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും നിലാവ് രണ്ടാം ഘട്ടത്തിലെ തെരുവുവിളക്കുകൾ സ്ഥാപിച്ചു നൽകുവാൻ കഴിയും. |
| (ബി) | എൽ. ഇ. ഡി. ലൈറ്റുകളും അനുബന്ധ ഫിറ്റിംഗ്സുകളും വേഗത്തിൽ ലഭ്യമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | നിലാവ് പദ്ധതിയിൽ തെരുവുവിളക്കുകൾക്ക് പർച്ചേയ്സ് ഓർഡർ നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് വഴി ലഭിക്കുന്ന ആകെ ആവശ്യകതയ്ക്കാണ്. ഓരോ തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനത്തിനും വേണ്ടി പ്രത്യേകം ഓർഡർ നൽകുന്നത് പ്രായോഗികമല്ല. കേരളത്തിലുടനീളമുള്ള 941 ഗ്രാമപഞ്ചായത്തുകളും 87 മുനിസിപ്പാലിറ്റികളും 6 കോർപ്പറേഷനുകളും ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയിൽ ചേരുവാനുള്ള താൽപര്യം റെസൊല്യൂഷൻ മുഖേന കെ.എസ്.ഇ.ബി ലിമിറ്റഡിനെ അറിയിക്കേണ്ടതും സ്ഥാപിക്കേണ്ട തെരുവുവിളക്കുകളുടെ കൃത്യമായ ആവശ്യകത ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് വഴി പദ്ധതി നടപ്പാക്കുന്ന എസ്.പി.വി ആയ കെ.എസ്.ഇ.ബി ലിമിറ്റഡിന് ലഭ്യമായാൽ മാത്രമേ അതനുസരിച്ച് ഇ.ഇ.എസ്.എൽ ന് എൽ.ഇ.ഡി തെരുവുവിളക്കുകൾക്ക് ഓർഡർ നൽകുവാനും പദ്ധതി നിശ്ചിത സമയത്തിനുള്ളിൽ നടപ്പാക്കുവാനും സാധിക്കുകയുള്ളൂ. സംയുക്ത പരിശോധന നടത്തി കൃത്യമായ ആവശ്യകത ഏകോപിപ്പിച്ച് കെ.എസ്.ഇ.ബി ലിമിറ്റഡിന് ലഭ്യമാക്കുന്നതിനു വേണ്ടി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിലേയ്ക്ക് ലഭിച്ച ആവശ്യകതയായ 1,72,000 തെരുവുവിളക്കുകൾക്ക് കെ.എസ്.ഇ.ബി ലിമിറ്റഡിന് ലെറ്റർ ഓഫ് ഇന്റന്റ് (LOI) നൽകിയിട്ടുണ്ട്. |
| (സി) | കൊയിലാണ്ടി നഗരസഭ ഇക്കാര്യത്തിൽ നൽകിയ നിവേദനത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നിവേദനം പരിശോധിച്ച് അടിയന്തിര നടപടികൾക്കായി K.S.E.B ക്ക് നൽകിയിട്ടുണ്ട്. തുടർ നടപടികൾ K.S.E.B സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ